പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8058 | 16.07.2014 ൽ മറുപടിയ്ക്ക്

## സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉബൈദുള്ള :** | **കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക മേഖലകളിൽ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ ; | എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം, ഗോത്രവർഗ്ഗ കലാമേള, ദേശീയോദ്ഗ്രഥന ക്യാമ്പ്,ജോബ്ഫെസ്റ്റ്, സാഹിത്യക്യാമ്പ്, ജേണലിസ്റ്റ് ക്യാമ്പ്, ഇന്റർനാഷണൽ / ഇന്റർസ്റ്റേറ്റ് യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, യൂത്ത് അവാർഡ്, വനിതാ ശില്പശാല, ഡി.റ്റി.പി / പി.എസ്.സി പരിശീലനം,വിവിധ ദിനാചരണങ്ങൾ, സംസ്ഥാന നാടക ക്യാമ്പ്, വ്യവസായ സംരംഭകത്വം, സാഹസിക പരിപാടികൾ, നാടൻ കലാമേളകൾ, സ്വയംതൊഴിൽ-കാർഷിക പദ്ധതികൾ, ബോധവൽക്കരണ - വ്യക്തിത്വ വികസന ക്യാമ്പുകൾ, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടി, ഐ.ബി. പി.എസ് കോച്ചിംഗ്, സംസ്ഥാന പെയിന്റിംഗ് ശില്പശാല, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, ജീവദായിനി, സ്പോർട്സ് കിറ്റ്, പുനർജ്ജനി എന്നീ പദ്ധതികൾ വിദ്യാഭ്യാസ – സാമൂഹ്യ – സാംസ്കാരിക മേഖലകളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) എം.എൽ.എമാരുടെ ശുപാർശ പ്രകാരം പ്രസ്തുത മേഖലകളിൽ സന്നദ്ധ സംഘടനകൾ, യുവജന ക്ലബ്ബുകൾ എന്നിവ വഴി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ബോർഡ് ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ; | (ബി) ഉണ്ട്. ശ്രീ.ആരിഫ് എം.എൽ.എ യുടെ ശുപാർശ പ്രകാരം 2013-ൽ നടന്ന അരൂർ ജോബ്ഫെസ്റ്റിന് 5 ലക്ഷം രൂപ അനുവദിച്ചു. ശ്രീ.കെ.എം.ഷാജി എം.എൽ.എ യുടെ ശുപാർശ പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടത്തുന്നതിന് 1 ലക്ഷം രൂപ അനുവദിച്ചു. ശ്രീ. വിഷ്ണുനാഥ് എം.എൽ.എ യുടെ ശുപാർശ പ്രകാരം ചെങ്ങന്നൂർ ഫെസ്റ്റ് നടത്തുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചു. |

| | |
|---|---|
| (സി) ബോർഡിൽ നിന്ന് പദ്ധതി (സി) കൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ ? | ബോർഡിൽ അഫിലിയേഷൻ ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ / ബോധവൽക്കരണം/ കാർഷികം എന്നീ മേഖലകളിൽ പ്രവർത്തനം നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. ജില്ലാ യുവജനകേന്ദ്രങ്ങൾ വഴി ജില്ലാ ഓഫീസറുടെ ശുപാർശയോടുകൂടി വരുന്ന അപേക്ഷകൾക്ക് ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ധനസഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ